ഉത്തരം

(എ) ഇല്ല. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പണി 2006 മാർച്ചിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ അസ്സൽ അടങ്കൽത്തുക 48.08 കോടി രൂപ. 1999 ഷെഡ്യൂൾ റേറ്റ് അനുസരിച്ച് പുതുക്കിയ അടങ്കൽത്തുക 738 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ടി നാളിതുവരെ 471.03 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ഡി) നടന്നുവരുന്ന പണികൾ എല്ലാം ആക്ഷൻ പ്ലാനിൽ അംഗീകരിച്ച താണോ എന്ന് പരിശോധിച്ചുവരുന്നു.

കുളത്തുപ്പുഴ എ.ആർ.ഡബ്ല്യു.എസ്. വാട്ടർ സപ്ലൈ പദ്ധതി

140 [267] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴ എ.ആർ.ഡബ്ല്യു.എസ്. വാട്ടർ സപ്ലൈ പദ്ധതിക്ക് എന്നാണ് കേന്ദ്രാനുമതി ലഭിച്ചത്; ഏതെല്ലാം പഞ്ചായത്തുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(സി) പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് 1993-ൽ കേന്ദ്രാനുമതി ലഭിച്ചു. കുളത്തുപ്പുഴ, ഏരൂർ, അലയമൺ എന്നീ പഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

(ബി) ഇതിന്റെ ഉറവിടമായ കിണറിന്റേയും പമ്പ് ഹൗസിന്റേയും പണി പൂർത്തീകരിച്ചു.

(സി) ഈ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. ഭരണാനുമതി നൽകി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പദ്ധതി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly